**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *112 — 03-12-2018 -ൽ മറുപടിക്ക്

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ സുതാര്യമാക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ. സണ്ണി ജോസഫ് :** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാന സർക്കാരിന്റെ ദുരിതാശ്വാസ നടപടികൾ രണ്ട് ഘട്ടമായിരിക്കണമെന്നു അതിൽ ആദ്യഘട്ടത്തിൽ പ്രാഥമിക തുക നൽകണമെന്നും പിന്നീട് ഓരോ വ്യക്തിക്കും ഉണ്ടായ നാശനഷ്ടം നികത്താനായി പദ്ധതി തയ്യാറാക്കണമെന്നുമുള്ള കേരള ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ഇത്തരം ഒരു നിർദ്ദേശം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദുരന്തത്താൽ ബാധിക്കപ്പെട്ട സംസ്ഥാനത്തിന്റെ പുനരധിവാസ / പുനർനിർമ്മാണ പ്രവർത്തനങ്ങൾ രണ്ട് ഘട്ടമായി നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്. ആദ്യഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്തുവാൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ദുരന്തത്തിന്റെ ശേഷിപ്പായി നമ്മുടെ പൊതു ആസ്തികളെല്ലാം വല്ലാതെ കേടുപാടുകൾ നേരിട്ടതാണ്. ഈ പശ്ചാത്തലത്തിൽ ഇത്തരം അറ്റകുറ്റപ്പണികൾക്ക് നല്ലൊരു തുക ചെലവഴിക്കേണ്ട സാഹചര്യവും ഉണ്ട്. കഴിയുന്നത്ര പെട്ടെന്ന് തന്നെ ദുർവ്യയങ്ങൾ ഒഴിവാക്കി ഈ ഘട്ടത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനാണ് ഇപ്പോൾ ഊന്നൽ നൽകിയിരിക്കുന്നത്.<br>ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികൾ ഉൾപ്പെടെ പുതിയ സാങ്കേതിക വിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾ കൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഭാവിയിലെ വെല്ലുവിളികൾ നേരിടുകയും വരുംതലമുറകളുടെ പ്രതീക്ഷകൾ |
| ബി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| | | | നിറവേറ്റുകയും ചെയ്യുന്ന തരത്തിലുള്ള കേരളത്തിന്റെ പുനർനിർമ്മാണം ഉറപ്പാക്കുകയാണ് രണ്ടാം ഘട്ടം. |
| സി) | പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സുതാര്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ? | സി) | പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി നഷ്ടം സംഭവിച്ച വീടിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരശേഖരണം നടത്തി. ഇത് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ എഞ്ചിനീ യറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി. കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനുമധികം ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75%ത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട എല്ലാ കേസുകളിലും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരിക്കൽക്കൂടി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.<br>ഇങ്ങനെ നിർണ്ണയിച്ച നാശനഷ്ട വിവരങ്ങൾ വെബ് സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം തകർന്ന വീടുകൾ പുതുക്കിപ്പണിയാനും പുതിയവ പണിയാനുമായി 1611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. 75%മോ അതിലധികമോ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് കേന്ദ്രസർക്കാർ സമതല ങ്ങളിൽ 95,000 രൂപയും മലമ്പ്രദേശങ്ങളിൽ 1,05000 രൂപയു മാണ് ലഭ്യമാക്കുക. ബാക്കി ശരാശരി മൂന്നു ലക്ഷം രൂപ സംസ്ഥാന സർക്കാർ കൂടി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ പ്രസ്ഥാനങ്ങളുടെ മുൻകൈയിൽ സഹകരണ മേഖലയിൽ നിന്ന് സമാഹരിച്ച പണവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ തുകയും ഉപയോഗിച്ച് നാല് ലക്ഷം രൂപ മുതൽ മുടക്കുള്ള രണ്ടായിരം വീടുകൾ കെയർ ഹോം എന്ന പദ്ധതി പ്രകാരം നിർമ്മിച്ചുനൽകാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കാൻ കഴിവില്ലാത്ത കുടുംബങ്ങളെ ഈ പദ്ധതിപ്രകാരം സഹായിക്കാനാവും. കൂടാതെ വീടുകളുടെ പുനർനിർമ്മാണം സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ളവരുടെ സഹായവും ദുരന്തപ്രതികരണ നിധി ഉപയോഗിച്ചും ഇത്തരം വിഭാഗങ്ങളുടെ വീടിന്റെ പുനർനിർമ്മാണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് സ്പോൺസർ - ഗുണഭോക്താവ് - ജില്ലാ കളക്ടർ എന്നിവർ ഏർപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടിന്റെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചുചേർക്കാനും ഭവനനിർമ്മാണ സങ്കേതങ്ങൾ വിശദീകരിച്ചുനൽകാനും നടപടിയെടുത്തുവരുന്നു. ഏകദേശം 70% പേരും സ്വന്തം ഉത്തരവാദിത്വത്തിൽ നിർമ്മാണം ഏറ്റെടുക്കാനാണ് താൽപ്പര്യപ്പെട്ടു വന്നിരിക്കുന്നത്. ഇവർക്കും നിരന്തര മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ 'സുരക്ഷിതകൂടൊരുക്കും കേരളം' എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സാങ്കേതികസ്ഥാപനം (എഞ്ചിനീയറിംഗ് കോളെജ്/ പോളിടെക്നിക്) ഈ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾക്ക് പിന്തുണാ സംവിധാന മൊരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ